● സി.എസ് അൻസാരി

## രാഷ്ട്രീയ ചൂഷണങ്ങൾക്ക് അറുതി

# മുക്കാൽ സെന്റ് കോളനിക്ക് സോളിഡാരിറ്റി തുണയായി

**കൊല്ലം:** കുളത്തൂപ്പുഴ പഞ്ചായത്തിലെ മുക്കാൽ സെന്റ് കോളനി നിവാസികൾക്ക് രണ്ടുപതിറ്റാണ്ടു നീണ്ട ദുരിത ജീവിതത്തിൽനിന്ന് മോചനം നേടാൻ സോളിഡാരിറ്റി തുണയായി. മാറി മാറി അധികാരത്തിൽ വന്ന ഇടതു-വലതു രാഷ്ട്രീയ നേതൃത്വങ്ങൾ സ്വന്തം താൽപര്യങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിച്ചിരുന്ന 41 കുടുംബങ്ങളാണ് ഒടുവിൽ ഒറ്റക്കെട്ടായി സോളിഡാരിറ്റിയുടെ പിന്നിൽ അണിനിരക്കുകയും ശക്തമായ സമരത്തിലൂടെ സ്വന്തമായി ഭൂമിയും പട്ടയവും എന്ന ചിരകാല സ്വപ്നം നേടിയെടുക്കുകയും ചെയ്തത്.

1990 ജൂൺ 23-ന് തിരുവനന്തപുരം-ചെങ്കോട്ട റോഡു വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ട 96 കുടുംബങ്ങളെ മൂന്നു മാസത്തിനുള്ളിൽ പുനരധിവസിപ്പിക്കാമെന്നുള്ള ഉറപ്പിന്മേൽ മുക്കാൽ സെന്റ് വീതം നൽകി ചതുപ്പു പ്രദേശത്ത് താമസിപ്പിച്ച കോളനിയാണ് മുക്കാൽസെന്റ് കോളനി. താൽക്കാലികമായി ചെറ്റപ്പുരകൾ ഉണ്ടാക്കി അതിലാണ് എല്ലാ കുടുംബങ്ങളും കഴിഞ്ഞുകൂടിയത്. ഉടൻ ഭൂമി ലഭിക്കുമെന്ന രാഷ്ട്രീയ നേതാക്കളുടെ നിരന്തരവാഗ്ദാനം കാരണം താൽക്കാലിക ചെറ്റപ്പുരകൾ പുതുക്കിപ്പണിയാൻ പോലും ഇവർക്കു കഴിഞ്ഞിരുന്നില്ല. ഇതിനിടെ പട്ടികവർഗ വികസന പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗത്തിൽപെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്തു. ശേഷിച്ച 41 കുടുംബങ്ങൾ നീണ്ട 17 വർഷം രാഷ്ട്രീയക്കാരുടെ വോട്ടുബാങ്കും കറവപ്പശുക്കളുമായി തുടരുകയായിരുന്നു.

മഴ പെയ്താൽ വെള്ളം പൊങ്ങുന്ന പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ പോലും സൗകര്യമില്ലാതെ ജീർണിച്ച് തകർന്നു വീഴാറായ കുടിലുകളിൽ നരകതുല്യമായ ജീവിതം നയിച്ചുകൊണ്ടിരുന്ന കോളനി നിവാസികൾക്ക് അവകാശ പോരാട്ടത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചുകൊണ്ട് സോളിഡാരിറ്റി പ്രവർത്തകർ 2006 നവംബർ 11-ന് കോളനിയിലേക്ക് കടന്നു ചെന്നു. സോളിഡാരിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന മാർഗത്തിലെ




**കോളനി നിവാസികൾ സോളിഡാരിറ്റിയുടെ ബാനറിൽ പ്രകടനം നടത്തുന്നു**

പ്രചോദനവും പ്രവർത്തകരിൽനിന്നും കേട്ടറിഞ്ഞ കോളനി നിവാസികൾ ഒറ്റക്കെട്ടായി സോളിഡാരിറ്റിയോടൊപ്പം അണിനിരക്കുകയും 2006 നവംബർ 26-ന് സോളിഡാരിറ്റിയുടെ രക്ഷാധികാരത്തിൽ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് സമര പരിപാടികൾ ആരംഭിക്കുകയും ചെയ്തു.

പ്രശ്നത്തെക്കുറിച്ച് വിശദമായി പഠിച്ചശേഷം ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വില്ലേജ് ഓഫീസർ മുതൽ റവന്യൂ വകുപ്പ് മന്ത്രി വരെയുള്ളവർക്കും പഞ്ചായത്ത് പ്രസിഡന്റ്, എം.എൽ.എ എന്നിവർക്കും താലൂക്ക് വികസന സഭക്കും നിവേദനം നൽകി. തുടർന്ന് നിയമസഭാ പെറ്റീഷൻസ് കമ്മിറ്റിയെ സമീപിച്ചു. കൃത്യമായ ഇടവേളകളിൽ അധികാരികൾക്ക് ഓർമക്കുറിപ്പുകളും അയച്ചു. ഇതിനെ തുടർന്ന് നടപടികൾ ത്വരിതപ്പെടുത്തുകയും 41 കുടുംബങ്ങൾക്ക് 3.5 സെന്റ് വസ്തു വീതം അനുവദിച്ചുകൊണ്ട് 17-02-'07-ൽ കൊല്ലം ജില്ലാ കലക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

എന്നാൽ ഉത്തരവ് വന്ന ശേഷവും നടപടികൾ വൈകിക്കാനുള്ള ബോധപൂർവമായ ശ്രമമാണ് രാഷ്ട്രീയ നേതാക്കൾ നടത്തിയത്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി അളക്കാൻ തുടങ്ങിയെങ്കിലും ചിലരെ ഉപയോഗിച്ച് തർക്കവും പ്രശ്നവും ഉണ്ടാക്കി അളവു മുടങ്ങിയെന്നു വരുത്തിത്തീർക്കാൻ ശ്രമം നടന്നു. ഉത്തരവു വന്നു പത്തുമാസം പിന്നിട്ടിട്ടും കോളനി നിവാസികളുടെ ദുരിതം അകറ്റാൻ ആത്മാർഥമായ ഒരു ശ്രമവും നടക്കുന്നില്ലെന്നു കണ്ടപ്പോൾ സമരം ശക്തമാക്കാൻ ആക്ഷൻ കൗൺസിൽ തീരുമാനിച്ചു. ഉത്തരവിന്റെ പകർപ്പു സഹിതം തഹസിൽദാർക്കും ജില്ലാ കലക്ടർക്കും നിവേദനം നൽകുകയും ഉടൻ നടപടി വേണമെന്നു ആവശ്യപ്പെടുകയും ചെയ്തു. ഇതിനെ തുടർന്ന് 2007 ഡിസംബർ 31-നു മുമ്പായി സർവേ നടപടികൾ പൂർത്തീകരിക്കാൻ കലക്ടർ തഹസിൽദാർക്ക് നിർദേശം നൽകി. തഹസിൽദാർ നടപടികളുമായി മുന്നോട്ടു നീങ്ങിയപ്പോൾ പ്രാദേശിക സി.പി.ഐ നേതാക്കളും പഞ്ചായത്ത് പ്രസിഡന്റും എം.എൽ.എയും മറ്റും ഇടപെട്ട് താലൂക്ക് സർവേയറെ അവധിയിൽ പ്രവേശിപ്പിക്കുകയും ഭൂമിയളവ് മുടക്കുകയും ചെയ്തു. ഡിസംബർ 31-ന് എം.എൽ.എയെ ഫോണിൽ ബന്ധപ്പെട്ട കോളനി നിവാസികളോട് സോളിഡാരിറ്റി ഇടപെട്ടതുകൊണ്ടാണ് സർവേ നടപടികൾ നടത്താൻ അനുവദിക്കാതിരുന്നത് എന്ന് എം.എൽ.എ തുറന്നു പറഞ്ഞു. തൊട്ടടുത്ത ദിവസം സോളിഡാരിറ്റി നേതാക്കളുടെയും പരിസ്ഥിതി-മനുഷ്യാവകാശ ഏകോപന സമിതി കൺവീനർ ഓടനാവട്ടം വിജയപ്രകാശിന്റെയും നേതൃത്വത്തിൽ കോളനി നിവാസികൾ എം.എൽ.എയുടെ വീട്ടിലെത്തി. വളരെ മോശമായ രീതിയിലാണ്

എം.എൽ.എ പ്രതികരിച്ചത്. ഭൂമി അളന്നു വാങ്ങാൻ കഴിയുമെങ്കിൽ വാങ്ങിക്കൊള്ളാൻ എം.എൽ.എ വെല്ലുവിളിച്ചു. 2008 ജനുവരി 31-നുള്ളിൽ കോളനി നിവാസികളുടെ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ വീടിനു മുന്നിൽ കുടിൽകെട്ടി താമസിക്കുമെന്നും കലക്ടറുടെ ഉത്തരവ് നടപ്പാക്കാത്തതിനെ ഹൈക്കോടതിയിൽ ചോദ്യം ചെയ്യുമെന്നും ആക്ഷൻ കൗൺസിൽ അന്ത്യശാസനം നൽകി. പിറ്റേദിവസം കൊല്ലത്ത് പത്രസമ്മേളനം നടത്തി പ്രത്യക്ഷ സമര പരിപാടികൾ പ്രഖ്യാപിക്കുകയും ചെയ്തു. എല്ലാ പത്രങ്ങളും സമര പ്രഖ്യാപനത്തിനു വലിയ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു.

ജനുവരി അവസാനിക്കുന്നതിനു ഒരാഴ്ച മുമ്പ് പട്ടയമേള നടത്താനും കോളനി നിവാസികൾക്ക് ഭൂമി നൽകാതെ പട്ടയം മാത്രം നൽകി കബളിപ്പിക്കാനും രാഷ്ട്രീയ നേതാക്കൾ അവസാനശ്രമം നടത്തി. ഇതിനായി ജനുവരി 30-ന് റവന്യൂമന്ത്രി പങ്കെടുക്കുന്ന പട്ടയമേള പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഭൂമി നൽകാതെയുള്ള പട്ടയം ആവശ്യമില്ലെന്നും പട്ടയമേള ഒറ്റക്കെട്ടായി ബഹിഷ്കരിക്കുമെന്നും ജനുവരി 27-നു ആക്ഷൻ കൗൺസിൽ രേഖാമൂലം പഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ചു. ഈ വിഷയം ഉന്നയിച്ച് സോളിഡാരിറ്റി പോസ്റ്റർ പതിക്കുകയും ചെയ്തു. ഇതോടെ വൻ സമ്മർദത്തിലായ അധികൃതർ ഉടൻ തന്നെ ഭൂമി അളന്നു നൽകാൻ നിർബന്ധിതരാവുകയായിരുന്നു. പട്ടയമേള ബഹിഷ്കരിക്കുമെന്ന ഭീഷണിയെ തുടർന്ന് അധികൃതർ വളരെ വേഗം നടപടികൾ സ്വീകരിക്കുകയും ജനുവരി 29-ന് പത്തനാപുരം തഹസിൽദാരുടെ നേതൃത്വത്തിൽ ഭൂമി അളന്നു തിട്ടപ്പെടുത്തി കോളനി നിവാസികൾക്ക് കൈമാറുകയും ചെയ്തു. പതിനെട്ടു വർഷം നീണ്ട ദുരിതപർവത്തിനു വിരാമം കുറിച്ചുകൊണ്ട് 2008 ജനുവരി 29-ന് മുക്കാൽ സെന്റു കോളനി നിവാസികൾ മൂന്നര സെന്റു ഭൂമിയുടെ ഉടമകളായി. രണ്ടു പതിറ്റാണ്ടു കാലം കോളനി നിവാസികളെ ചൂഷണം ചെയ്ത രാഷ്ട്രീയക്കാർ ചിത്രത്തിൽനിന്നും തൂത്തുമാറ്റപ്പെടുന്ന കാഴ്ചയായിരുന്നു പിന്നീടുണ്ടായത്. ഭൂമി അളക്കാൻ ഒറ്റ രാഷ്ട്രീയപാർട്ടിയുടേയും സാന്നിധ്യം ഉണ്ടായിരുന്നില്ല. സോളിഡാരിറ്റിയുടെയും ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരുടെയും മാത്രം സാന്നിധ്യത്തിലാണ് സർവേ നടപടികൾ പൂർത്തിയാക്കിയത്.

ഫെബ്രുവരി 2-നു നടന്ന ചടങ്ങിൽ ജില്ലാ കലക്ടർ പട്ടയവിതരണം നിർവഹിച്ചു. പട്ടയം ഏറ്റുവാങ്ങാൻ കോളനി നിവാസികൾ സോളിഡാരിറ്റിയുടെ ബാനറിൽ ടൗണിൽ പ്രകടനം നടത്തിയ ശേഷമാണ് എത്തിച്ചേർന്നത്. പട്ടയമേളയിൽ ആശംസാപ്രസംഗത്തിനു സോളിഡാരിറ്റിയുടെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് 41 കുടുംബങ്ങളും ഒപ്പുവെച്ച നിവേദനം കോളനി നിവാസികൾ ജില്ലാ കലക്ടർക്കു നൽകുകയുണ്ടായി. സോളിഡാരിറ്റിക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് ആക്ഷൻ കൗൺസിൽ വ്യാപകമായി പോസ്റ്ററുകൾ പതിച്ചു. കോളനിയിലെ എല്ലാ വീടുകളിലും സോളിഡാരിറ്റിക്ക് അഭിവാദ്യം അർപ്പിക്കുന്ന പോസ്റ്ററുകളാണ് ഇപ്പോൾ ഉള്ളത്. ഒരാഴ്ചകൊണ്ട് പരിഹരിക്കാമായിരുന്ന പ്രശ്നത്തിനു രണ്ടു പതിറ്റാണ്ടുകാലം തങ്ങളെ ദുരിതക്കടലിൽ തള്ളിയ രാഷ്ട്രീയക്കാർ ഇനി കോളനിയുടെ പടി ചവിട്ടില്ലെന്നു കോളനി നിവാസികൾ തറപ്പിച്ചു പറയുന്നു.

സമൂഹത്തിലെ ഏറ്റവും താഴേക്കിടയിൽപെട്ടവരാണ് കോളനിയിലെ എല്ലാ കുടുംബങ്ങളും. അനുവദിച്ച പ്ലോട്ടുകളിലേക്കു മാറി താമസിക്കാനും പുതിയതായി വീടുകൾ വെക്കാനുമുള്ള ചെലവുകൾ ഇവർക്ക് താങ്ങാവുന്നതിനും അപ്പുറമാണ്. ഇക്കാര്യത്തിൽ ഉദാരമതികളുടെ സഹായം പ്രതീക്ഷിക്കുകയാണ് കോളനി നിവാസികൾ. ■